ശ്രീ. ഇ. പി. പൗലോസ് : ചില സ്ഥലത്തു് നെല്ലിനു് രോഗമുണ്ടാകുന്നുണ്ടു്. വളരെ കൂടുതൽ കെമിക്കൽ വളങ്ങളും ഉപയോഗിക്കുന്നതുകൊണ്ടാണോ ഇങ്ങനെ വരുന്നതെന്നു പരിശോധിക്കുന്നുണ്ടു്. പ്രോഫിലാറിക്സ് ഉപയോഗിക്കുന്നിടത്തു ഈ കുഴപ്പം ഇല്ല.

ശ്രീ. എം. കൃഷ്ണൻ : വളത്തിനു് സബ്സിഡിക്കായി മൊത്തം എത്രത്തുകയാണു് അനുവദിക്കുന്നതെന്നു പറയാമോ ?

ശ്രീ. ഇ. പി. പൗലോസ് : അതിനൊരു പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. കെ. കൃഷ്ണൻ : ഈ വളംവിതരണത്തെ സംബന്ധിച്ചിടത്തോളം കോവാപ്പറേറ്റീവു് മാക്കെറ്റു് ഫെഡറേഷൻ ഉണ്ടാക്കാൻ പദ്ധതിയുണ്ടോ ? മറ്റു സ്റ്റേറ്റുകളിൽ അപ്പെക്സ് സൊസൈറ്റികളും ഇതിലേക്കു് രൂപീകരിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. പൗലോസ് : പുതുതായി കോവാപ്പറേറ്റീവു് സൊസൈറ്റികളും മുഖേന കൊടുക്കുന്നതിനും അപ്പെക്സ് സൊസൈറ്റികളെ ഏൽപ്പിക്കാനുള്ള നടപടികളും ഉണ്ടു്. ഇതിലുള്ള ഒരു ബുദ്ധിമുട്ടു് ഇപ്പോൾ പ്രത്യേക സ്റ്റാഫിനെ നിയമിച്ചാണു് ഏജന്റ് സി ഡിപ്പോകളും നടത്തുന്നതു്. ഈ ആളുകളെക്കൂടി എടുക്കാതെ ഡിപ്പോകളും മാറ്റി സൊസൈറ്റിയെ ഏൽപ്പിക്കുന്നപക്ഷം അവരുടെ ബുദ്ധിമുട്ടുകൾക്കു് പരിഹാരം കാണേണ്ടതായിവന്നേക്കും.

തെങ്ങുകൃഷി

* 541. [5] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956–നുശേഷം കേരളത്തിൽ തെങ്ങുകൃഷി എത്ര ഏക്കർ പ്രദേശത്തു് കൂടുതലായി ചെയ്തിട്ടുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു ;

(ബി) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു് ഗവണ്മെന്റു് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണു് നൽകുന്നുണ്ടു് ;

(സി) 1956–നുശേഷം തെങ്ങുരോഗംമൂലം എത്രമാത്രം സാമ്പത്തിക നഷ്ടം സംസ്ഥാനത്തുണ്ടായി എന്നതിനെപ്പറ്റി വല്ല കണക്കും ഗവണ്മെന്റിന്റെ പക്കലുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) 1,40,541 ഏക്കർ.

(ബി) താഴെ പറയുന്ന ആനുകൂല്യങ്ങളാണു് നൽകുന്നുണ്ടു്.

1. കായൽ നിലങ്ങളിൽ തെങ്ങുകൃഷി നടത്തുന്നതിലേക്കുവേണ്ടി ഏക്കർ ഒന്നിനു് 3750 രൂപ കടം കൊടുക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടു്.

2. തീരപ്രദേശങ്ങളിൽ തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിലേക്കായി ഏക്കറൊന്നിനു് കൃഷിച്ചെലവിലേക്കുവേണ്ടി 750 രൂപയും, ജലസേചനത്തിനുവേണ്ടി പമ്പുസെറ്റും കടമായി കൃഷിക്കാർക്കു നൽകുന്നുണ്ടു്.

3. തെങ്ങി�ൻതോപ്പുകളിൽ ജലസേചനം നടത്തുന്നതിലേക്കായി പമ്പുസെറ്റുകളും കടമായി കൊടുക്കുന്നതിനു് മറ്റൊരു പദ്ധതിയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

4. തെങ്ങിനു് ഓലരോഗം ബാധിച്ച സ്ഥലങ്ങളിൽ സാജന്യ നിരക്കിൽ മരുന്നു തളിക്കുന്നതിനുള്ള ഒരു പരിപാടി നടപ്പാക്കിയിട്ടുണ്ടു്. കൂടാതെ, മരുന്നു തളിക്കുന്നതിനുള്ള ഉപകരണങ്ങളും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നുണ്ടു്.

5. കൃഷി ഡിപ്പാർട്ടുമെന്റു വക 40 നഴ്സറികളിൽ നിന്നും മേൽത്തരം തെങ്ങിൻതൈകളും കൃഷിക്കാർക്കു വിതരണംചെയ്തു വരുന്നുണ്ടു്.

(ii) കൃത്യമായ കണക്കു ശേഖരിച്ചിട്ടില്ല. എന്നാൽ തെങ്ങു രോഗംമൂലം ഉദ്ദേശം 3 കോടി രൂപയുടെ നഷ്ടം കൃഷിക്കാർക്കുണ്ടായതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. എം. മത്തായി : തെങ്ങുരോഗത്തിനു് മരുന്നു തളിക്കുമ്പോൾ ഒരു വസ്തുവിൽ തന്നെയുള്ള എല്ലാ തെങ്ങുകൾക്കും തളിക്കാത്തതുകൊണ്ടും അടുത്ത പുരയിടങ്ങളിലുള്ള രോഗം ബാധിച്ച തെങ്ങുകൾ നശിപ്പിക്കാത്തതുകൊണ്ടും ഇതിന്റെ പ്രയോജനം ഇല്ലാതെ വരുന്നു എന്നുള്ളതുകൊണ്ടു വ്യാപകമായ തോതിൽ ഈ കാര്യം നടത്തുന്നതിനു് ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ഈ. പി പൗലോസു് : പെസ്റ്റ്സു് ആൻഡു് ഡിസീസസു് ആക്ടനുസരിച്ചുള്ള നടപടികളെടുക്കുന്നതിനു സാധിക്കും. പക്ഷേ തെങ്ങിന്റെ കാര്യത്തിൽ കുറച്ചു് നാളികേരം കിട്ടിക്കൊണ്ടിരിക്കുന്നതു് ഇല്ലാതാക്കുന്നതിൽ അഭിപ്രായവ്യത്യാസം വരുന്നുണ്ടു്. ഇതു വളരെ ശല്യമായി വരികയാണെങ്കിൽ അത്തരത്തിൽ നശിപ്പിക്കാതിരിക്കുന്ന തെങ്ങുകളുടെ കാര്യത്തിൽ നിയമ പ്രകാരം നടപടി നടത്താൻ ശ്രമിക്കാം.

ശ്രീ. ടി. കൃഷ്ണൻ : കുറച്ചു നാളികേര ഗവേഷണ തോട്ടത്തിലുള്ള എല്ലാ തെങ്ങുകൾക്കും ഓലരോഗം ബാധിച്ചിട്ടുണ്ടെന്നറിയാമോ? അതിനെ തടയുന്നതിനു് പ്രത്യേക പദ്ധതി വല്ലതും ഉണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അതിനു പ്രത്യേക പദ്ധതി ഒന്നും ഇല്ല. പൊതുവേയുള്ള തെങ്ങുരോഗത്തെ തടയുന്നതിനു് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു് ഗവേഷണം നടത്തുന്നുണ്ടു്. അവസാനമായി ഈ അടുത്ത ദിവസം നടന്ന ചർച്ചകളിൽ ഒരു ഫാറിൻ എക്സ്പെർട്ടിനെ വരുത്തിക്കാമെന്നു പറഞ്ഞിരിക്കുകയാണു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഒരു ലക്ഷത്തിൽ താഴെയാണു് ഏക്കർ സ്ഥലത്തു് കൂടുതലായി തെങ്ങുവച്ചിട്ടുണ്ടെന്നു മന്ത്രി പറയുകയുണ്ടായി. അതു് എത്രമാത്രം ശരിയാണെന്നു സംശയിക്കത്തക്കതാണു്. ആ കണക്കു് എവിടെ നിന്നു കിട്ടിയതാണെന്നു പറയുന്നതിനു പുറമെ, തെങ്ങുകൃഷി ദിവസേന നശിച്ചു കൊണ്ടുവരുന്നതിന്റെ ഫലമായി ഇപ്പോൾ തന്നെ 15 കോടി രൂപയ്ക്കു മേൽ വരുന്ന സംഖ്യയുടെ കൊപ്രാ ഇൻഡ്യയ്ക്കു പുറത്തു നിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്നുണ്ടെന്നും അതു് ഓരോ കൊല്ലവും കൂടുതൽ ഇറക്കുമതിചെയ്യേണ്ട സ്ഥിതിയാണുള്ളതെന്നും മനസ്സിലാക്കി എന്തെങ്കിലും സത്വര നടപടികളും എടുക്കുമോ?

ശ്രീ. ഈ. പി. പൗലോസു് : കണക്കുകളും അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിലുള്ള സ്റ്റാറ്റിസ്റ്റിക്കൽവിംഗു് തയാറാക്കിയിട്ടുള്ളതാണു്. 1955–56–ൽ 11 ലക്ഷം ഏക്കർ സ്ഥലത്തു കൃഷിയുണ്ടായിരുന്ന ഇപ്പോൾ ഒരു ലക്ഷത്തിലധികം ഏക്കറിൽ കൂടി കൃഷിയുണ്ടെന്നാണു ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളിൽ നിന്നു കാണുന്നതു്. അതനുസരിച്ചാണു ഞാൻ ഉത്തരം പറഞ്ഞതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : എത്രായിരം തെങ്ങു് ഒരാണ്ടിൽ നശിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളതിനു കണക്കുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : സാമാന്യമായി രോഗം ബാധിച്ചിട്ടുള്ള പരിയായുടെ കണക്കേയുള്ളു. ഈ മാതിരി ഒരു പ്രത്യേക കണക്കെടുക്കാൻ ഇപ്പോൾ ഒരു പ്രോഗ്രാം വന്നിരുന്നു. അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : നഴ്സറികളിൽ ഉണ്ടാക്കുന്ന തൈകളും രോഗം ബാധിക്കാത്ത തരത്തിൽ ഉണ്ടാക്കുന്നതാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ഡിസീസ് ഫ്രീ ഏരിയായിൽ നിന്നും കളക്റ്റുചെയ്യുന്ന പാകിയാണ നഴ്സറികളിൽ നിന്നാം കൊടുക്കുന്നത്.

ശ്രീ. പി. ചാക്കോ : സ്പ്രേയിംഗ് നടത്തുന്നതു് ഫ്രീയാണെന്നു പറഞ്ഞു. പുളിക്കീഴ് ബ്ലോക്കിൽ ഒരു തെങ്ങിനു് ഒരണ ചാർജ് ചെയ്യുന്നു എന്നു മനസിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അറിവില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : വിദേശവിദഗ്ദ്ധന്മാർ കേരളം സന്ദർശിച്ചപ്പോഴും ഇവിടെയുള്ള തെങ്ങുകളും ഭൂരിഭാഗവും മദ്ധ്യവയസ്സു് കഴിഞ്ഞതാണെന്നും അതുകൊണ്ടു് അടിയന്തിരമായി റീ പ്ലാന്റേഷൻ നടത്തണമെന്നും പറഞ്ഞിട്ടുണ്ടു്. ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : റബ്ബർ റീ പ്ലാന്റേഷനു് സബ്സിഡി കൊടുക്കുന്നതുപോലെ, തെങ്ങിനും സബ്സിഡി കൊടുക്കുന്നതിനുള്ള ഒരു സ്കീമിനെപ്പറ്റി സെൻട്രൽ ഗവണ്മെൻറുമായി ആലോചിച്ചിട്ടുണ്ടു്. അതിന്റെ അവസാന തീരുമാനമായിട്ടില്ല.

അടിയന്തിരാവസ്ഥയുടെ പേരിൽ ആരംഭിക്കാത്ത മരാമത്തു ജോലികൾ.

* 542.]6] ശ്രീ. എൻ. മോസ്സുരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും എന്നാൽ ആരംഭിക്കാത്തതുമായ ജോലികൾ അടിയന്തിരാവസ്ഥയുടെ പേരിൽ നിത്തിവച്ചുകൊണ്ടു് ഉത്തരവുണ്ടായിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഉത്തരവുണ്ടായിട്ടുണ്ടെങ്കിൽ ഇതിനു വിപരീതമായി ഏതെങ്കിലും ജോലികൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്തു കാരണത്താലാണു് ;

(ഡി) ചങ്ങനാശ്ശേരി ചാത്തവട്ടം മതുമൂല റോഡിൽ ടാറിംഗ് പണി എന്തുകൊണ്ടാണു് ആരംഭിക്കാത്തതു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഉണ്ടു്.

(ബി) പ്രത്യേക അനുവാദം നൽകിയതനുസരിച്ചു് ചില ജോലികൾ നടത്തിയിട്ടുണ്ടു്. ഇതു് മേൽപ്പറഞ്ഞ ഉത്തരവിനു വിപരീതമായിട്ടല്ല.

(സി) പ്രസ്തുത ജോലികൾ വളരെ അത്യാവശ്യവും അടിയന്തിരവുമാണെന്നു ഗവണ്മെൻറിനു് ബോദ്ധ്യമായതുകൊണ്ടു്.

(ഡി) ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ശ്രീ. എൻ. മോസ്സുരൻനായർ : 61–62 വർഷത്തിൽ കോട്ടയം ഡിസ്ട്രിക്റ്റിൽ പ്രയാറിട്ടി നമ്പർ ഒന്നായിരുന്നതും തുടർച്ചയായി എല്ലാ വർഷവും ബഡ്ജറ്റിൽകൊള്ളിച്ചിട്ടുള്ളതുമായ ചാത്തവട്ടം മതുമൂല റോഡിന്റെ പണിക്കു് മുനിസിപ്പാലിറ്റി കോൺടിബ്യൂഷൻ കൊടുത്തിട്ടും അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ കൊടുക്കാതിരിക്കുന്നതു് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly